A

# സമഗ്ര ശിക്ഷ, കേരളം

612

# പാദവാർഷിക മൂല്യനിർണയം 2018–19

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 6 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് **15 മിനിട്ട്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ **നാലു** പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1**

**വായിക്കാം എഴുതാം**

**ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഏറ്റവും യോജിച്ച ഉത്തരമെഴുതുക.**

അവൻ പതുക്കെ വയലിലേക്കു നടന്നു. അസ്തമയസൂര്യന്റെ കിരണങ്ങൾ അവന്റെ മുഖത്തു വീണു. പൂവൻമാരും പിടകളും പിള്ളകളും കൂട്ടിലേക്കു ചേക്കേറാനുള്ള ധൃതിയിലാണ്. പണിയൊഴിഞ്ഞ പണിക്കാർ വരമ്പിലൂടെ വെടി പറഞ്ഞു നടക്കുന്നു.

അവൻ വിടർന്ന മിഴിയോടെ സൂര്യാസ്തമയം ആസ്വദിച്ചു. തെച്ചിപ്പഴം പോലെ തുടുത്തു നിൽക്കുന്ന സൂര്യൻ.

കുട്ട്യാ, ങ്ങ്ട് വരണുണ്ടോ ? നേരം ഇരുട്ടായീട്ടോ.

ദാ, വര്ണു.

അവൻ തിരികെ നടന്നുതുടങ്ങി.

സൂര്യൻ മറഞ്ഞു. ആകാശത്ത് ചുവപ്പും ഓറഞ്ചും കലർന്ന നിറം പടർന്നു. ചുണ്ടിൽ കുഞ്ഞുങ്ങൾക്കു തീറ്റയുമായി പോകുന്ന അമ്മക്കിളിയും പറഞ്ഞു: ഇരുട്ടായി !

(അർജുൻ കെ.എം., ഏഴാംതരം.)

1. ഈ ഗദ്യഭാഗത്തിൽ സൂചിതമായ കാലം ഏതാണ്?
   എ) പുലർകാലം ബി) ഉച്ചസമയം സി) സന്ധ്യാസമയം ✓ ഡി) രാത്രികാലം
2. പൂവൻമാരും പിടകളും പിള്ളകളും എന്താണു ചെയ്യാൻ പോകുന്നത്?
   എ) ചേക്കേറാൻ പോകുന്നു.
   ബി) തീറ്റയുമായി പോകുന്നു.
   സി) ഇരുട്ടിനെ ഭയന്നോടുന്നു.
   ഡി) സൂര്യാസ്തമയം ആസ്വദിക്കുന്നു.

3) 'വെടിപറഞ്ഞു നടക്കുന്നു' എന്നതിന്റെ അർഥം?

എ) വെടിക്കെട്ടിനെക്കുറിച്ച് സംസാരിക്കുന്നു.

ബി) ഇടിവെട്ടാൻ പോകുന്നതിനെക്കുറിച്ച് സംസാരിക്കുന്നു.

സി) വെടി എന്നു പറഞ്ഞ് പേടിപ്പിക്കുന്നു.

ഡി) തമാശ പറഞ്ഞു നടക്കുന്നു.

4) ഈ ഗദ്യഭാഗത്തിന് നൽകാവുന്ന ഏറ്റവും യോജിച്ച തലക്കെട്ട്?

എ) സൂര്യാസ്തമയം ബി) തെച്ചിപ്പഴം സി) അമ്മക്കിളി ഡി) പണിക്കാർ

5) 'കിരണങ്ങൾ' എന്ന പദം കൊണ്ട് അർഥമാക്കുന്നത്?

എ) വെളിച്ചം ബി) പ്രകാശരശ്മികൾ സി) ചൂട് ഡി) നിറങ്ങൾ

## പ്രവർത്തനം: 2 - ആസ്വാദനക്കുറിപ്പ്

സച്ചിദാനന്ദന്റെ 'വേഗമുറങ്ങൂ' എന്ന കവിത ഒരു താരാട്ടുപാട്ടാണ്. പ്രകൃതിയുടെ സുന്ദരഭാവങ്ങൾ കവിതയിൽ നിറഞ്ഞുനിൽക്കുന്നു.

ഈ കവിത വായിച്ചു നോക്കൂ.

**പൊന്നോണം**

*കുട്ടികളെത്തിയ കുറ്റിക്കാട്ടിൽ*
*പൊട്ടി വിടർന്നൂ പൊന്നോണം*
*നടുമുറ്റത്തുള്ളോണത്തപ്പ-*
*ന്നട നേദിച്ചൂ മുത്തശ്ശി.*
*മിഴിയിണ മാതാവേകിയ മഷി കൊ-*
*ണ്ടെഴുതി, ക്കുറുകപ്പൂ ചൂടി*
*വെളിയിലിറങ്ങി നടന്നേൻ, പൊന്നിള -*
*വെയിലിൽ പൂക്കും മനമോടെ*
*ആനന്ദിക്കുകയില്ലേയിപ്പൊ -*
*ന്നോണക്കാലത്തെല്ലാരും ?*
*ഇന്നാണല്ലോ പാതാളം വി -*
*ട്ടിങ്ങോട്ടെത്തുക മാവേലി !*
*ആരും കരയരു,താരും കരയരു-*
*തദ്ദേഹത്തിൻ തിരുമുമ്പിൽ.*

(മഹാകവികളുടെ ബാലകവിതകൾ) (ഒളപ്പമണ്ണ)

പൊന്നോണ വിശേഷങ്ങളും ഓണത്തെ വരവേൽക്കാൻ പ്രകൃതി നടത്തുന്ന ഒരുക്കങ്ങളുമെല്ലാം വായിച്ചല്ലോ. കവിതയിലെ ആശയങ്ങൾ, പ്രയോഗഭംഗി, വർണനകൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി കവിതയ്ക്ക് **ആസ്വാദനക്കുറിപ്പ്** തയാറാക്കുക.

## പ്രവർത്തനം: 3 - സംഭാഷണം

രാത്രി കോണിച്ചോട്ടിലെ കുടുസ്സുമുറിയിൽ കിടക്കുമ്പോൾ അവൾക്ക് നേരിയ ഭയം തോന്നി. വീട്ടമ്മ വാതിലുകളും ജനാലകളും ഓരോന്നടച്ചുപൂട്ടുന്നത് അവളറിഞ്ഞു. ആ രാത്രിയിലെ പേടിപ്പെടുത്തുന്ന അനുഭവങ്ങളും ഓർമകളും അവൾ വീട്ടമ്മയോട് സ്വന്തം അമ്മയോടെന്ന പോലെ പങ്കുവച്ചു. അവർ അവളെ ആശ്വസിപ്പിക്കുകയും ചെയ്തു.

അക്കമ്മയും വീട്ടമ്മയും തമ്മിൽ നടക്കാനിടയുള്ള **സംഭാഷണം** തയാറാക്കുക.

**പ്രവർത്തനം: 4 - വർണ്ണന**

'ഗീതമോളോടിയെത്തിക്കഴുത്തിൽ
താമരത്തണ്ടെറിഞ്ഞു കുനിച്ചു
നെറ്റിയിൽ നീറി നിൽക്കുമഴുക്കി-
ന്നിറ്റുകൾ കുഞ്ഞിച്ചുണ്ടാൽ തുടപ്പൂ'

'ഊഞ്ഞാൽപ്പാട്ട്' എന്ന കവിതയിൽ ഗീതമോൾ അച്ഛനു വാത്സല്യചുംബനമേകുന്ന മനോഹര വർണ്ണന നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. മാതാപിതാക്കളും മക്കളുമായുള്ള വാത്സല്യനിമിഷങ്ങൾ നിങ്ങൾ നേരിട്ടനുഭവിക്കുകയും കാണുകയുമൊക്കെ ചെയ്തിട്ടുണ്ടാകും. അങ്ങനെയൊരു അനുഭവത്തിന്റെ മനോഹരമായ **വർണ്ണന** തയാറാക്കുക.

**പ്രവർത്തനം: 5 - ഉപന്യാസം**

*"അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം"*

- ശ്രീനാരായണഗുരു

*"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും"*

- വയലാർ രാമവർമ്മ

സാമൂഹ്യപരിഷ്കർത്താക്കളും കവികളുമൊക്കെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രാധാന്യത്തെ എന്നും ഉയർത്തിക്കാട്ടിയിട്ടുണ്ട്. 'ലോകാ സമസ്താ സുഖിനോ ഭവന്തു' 'ലോകമേ തറവാട്' എന്നീ ആശയങ്ങളിലും വിശ്വസാഹോദര്യവും സ്നേഹവും പ്രധാനമാണെന്ന സന്ദേശമുണ്ട്. പി.എൻ.ദാസിന്റെ 'സഹോദരശ്രുതി'യിലെ സഹോദരസ്നേഹവും നിങ്ങൾക്കറിയാം. ഇവയെല്ലാം വിശകലനം ചെയ്ത് **'പരസ്പരസ്നേഹം ലോകനൻമയ്ക്ക്'** എന്ന വിഷയത്തെക്കുറിച്ച് **ഉപന്യാസം** തയാറാക്കുക.

**പ്രവർത്തനം: 6 വിശകലനക്കുറിപ്പ്**

"തേങ്ങ മുഴുവനും പെറുക്കി അകത്തിട്ടിരിക്ക്ണു! പെണ്ണിന്റെ ഒരു പ്രാന്ത്"

കുറേ നാളായി ഈ തേങ്കായ്കൾ മഴ കൊള്ളുകയാണെന്ന് അവൾക്കു തോന്നി. എന്ന പൈത്യം ! തേങ്ങാപ്പുര ഒഴിഞ്ഞു കിടക്കുന്നു.

'തേങ്ങ' എന്ന കഥയിലെ സംഗീതയുടെയും അക്കമ്മയുടെയും കാഴ്ചപ്പാടുകൾ കണ്ടതാണല്ലോ. ഇതിൽനിന്ന് പ്രകൃതിയോടും, കൃഷിയോടുമുള്ള രണ്ടു പേരുടെയും മനോഭാവം എങ്ങനെയെന്ന് വിശകലനം ചെയ്തു കുറിപ്പെഴുതുക.